# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മൈനാകപ്പള്ളി ഗ്രാമപഞ്ചായത്ത് - വടക്കൻ മൈനാകപ്പള്ളി ആന്മർകാവിൽ പ്രവർത്തിച്ചുവരുന്ന മാവേലി സ്റ്റോറിന്റെ വാടക തുടർന്നും തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.3250/2018/തസ്വഭവ — തീയതി, തിരുവനന്തപുരം: 15/12/2018

പരാമർശം:- 1) 01/03/20113 ലെ സ.ഉ.(പി) നം.110/2013/ഫിൻ.

2) 04/02/2013 ലെ സ.ഉ.(സാധാ) നം.301/2013/തസ്വഭവ.

3) മൈനാകപ്പള്ളി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 17/12/2016 ലെ VIII (5), 26/08/2017 ലെ 11/11 നമ്പർ തീരുമാനങ്ങൾ.

4) ശാസ്താംകോട്ട പി.ഡബ്ല്യു.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ 27/03/2018 തീയതിയിലെ നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ്.

5) കെട്ടിട ഉടമസ്ഥൻ, അഡ്വ.ഡി.സുധാകരന്റെ, 30/04/2018 തീയതിയായുള്ള വാടക കരാർപത്രം.

6) കരുനാഗപ്പള്ളി സപ്ലൈക്കോ ഡിപ്പോ അസിസ്റ്റന്റ് മാനേജരുടെ 18/09/2018 ലെ സി6-539/20009 നമ്പർ കത്ത്.

7) മൈനാകപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03/02/2017 ലെ പിഡിറ്റി.28/16-17, 08/08/2017 ലെ എം.18-6382/17, 15/05/2018 ലെ എം.3304/18,, 27/09/2018 തീയതിയിലെ എം.18-7829/2018 നമ്പർ കത്തുകൾ. എം.18-6382/17 നമ്പർ കത്തുകൾ.

8) കരുനാഗപ്പള്ളി അസിസ്റ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 31/03/2018, 28/09/2018 തീയതികളിലെ ഡി2-385/2018 നമ്പർ വാടക സർട്ടിഫിക്കറ്റുകൾ.

9) പഞ്ചായത്ത് ഡയറക്ടറുടെ 05/10/2017, 17/10/2018 തീയതികളിലെ ജി1-29850/17 നമ്പർ കത്തുകൾ.

## ഉത്തരവ്

മൈനാകപ്പള്ളി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 13/11/2013 ലെ I (5)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്തിൽ രണ്ടാമതായി വടക്കൻ മൈനാകപ്പള്ളി ആന്മർകാവിൽ ഒരു മാവേലിസ്റ്റോർ ആരംഭിക്കുകയും ടി ആവശ്യത്തിലേയ്ക്കായി വടക്കൻ മൈനാകപ്പള്ളി ശ്രീകുലത്തിൽ അഡ്വ.ഡി.സുധാകരൻ തന്റെ ഉടമസ്ഥതയിലുള്ള MP/II/759-ാം നമ്പർ കെട്ടിടം രണ്ടു വർഷത്തേയ്ക്ക് (21/02/2014 മുതൽ 21/02/2016) വാടകരഹിതമായി വിട്ടു നൽകിയിരുന്നുവെന്നും, ടി കാലാവധി കഴിഞ്ഞപ്പോൾ ടിയാൻ 22/02/2016 മുതൽ വാടക ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷ പരിഗണിച്ച ഗ്രാമപഞ്ചായത്ത് യോഗം, "രണ്ടാമത് ആരംഭിക്കുന്ന മാവേലിസ്റ്റോറുകൾക്ക് അതു പ്രവർത്തിക്കുന്ന കാലത്തേയ്ക്ക് വാടകരഹിത കെട്ടിടവും കൂടാതെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും ഫർണിഷിംഗിനുമായി ഒരു ലക്ഷം രൂപയും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം ഒടുക്കേണ്ടതാണ്" എന്ന് പരാമർശം (2) ലെ ഉത്തരവിൽ വ്യവസ്ഥയുള്ളതിനാൽ, പ്രസ്തുത സൗകര്യങ്ങൾ ഗ്രാമപഞ്ചായത്ത് ചെയ്തിട്ടുണ്ടെന്നും, ആയതിനാൽ പ്രസ്തുത മാവേലിസ്റ്റോറിന് പഞ്ചായത്ത് ഫണ്ടിൽ നിന്ന് വാടക നൽകാമോ എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്നും പരാമർശം (3) ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (7) പ്രകാരം പഞ്ചായത്ത് സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2) ഗ്രാമപഞ്ചായത്തുകളിൽ രണ്ടാമതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക്,

കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 166, മൂന്നാം പട്ടിക (സി) - ഗ്രാമപഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ XVII (3) - പൊതുവിതരണ സമ്പ്രദായം എന്ന ഹെഡിൽ, ആവശ്യമെങ്കിൽ പുതിയ പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഗ്രാമപഞ്ചായത്തുകളെ ചുതലപ്പെടുത്തിയിട്ടുണ്ടെന്നും, ആയത് പ്രകാരം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വിശദമായ തീരുമാനമെടുത്ത് പ്രോജക്റ്റ് വച്ച് രണ്ടാമത്തെ മാവേലി സ്റ്റോറിന് പരാമർശം (2) പ്രകാരമുള്ള ഉത്തരവിലെ നിബന്ധനകൾ പ്രകാരം തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുവാൻ അനുമതി നൽകാവുന്നതാണെന്നും പരാമർശം (9) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

3) പ്രസ്തുത മാവേലി സ്റ്റോർ നടത്തുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഇല്ലായെന്നും, ആയതിനാൽ 21/02/2016 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം MP 11-277 - ാം നമ്പർ കടമുറിയ്ക്ക് 5294/- രൂപ (അയ്യായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി നാല്വ രൂപാ മാത്രം) പ്രതിമാസ വാടക നിശ്ചയിച്ചിരിക്കുന്നുവെന്നും പരാമർശം (8) പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 21/02/2016 ൽ എഗ്രിമെന്റ് കാലാവധി പൂർത്തിയായിരിക്കുന്നുവെന്നും, ആയതിനാൽ പി.ഡബ്ല്യു.ഡി നിരക്കിലുള്ള 5294/- രൂപ (അയ്യായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി നാല്വ രൂപാ മാത്രം) പ്രതിമാസ വാടകയ്ക്ക് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി തന്റെ ഉടമസ്ഥതയിലുള്ള MP 11-277 - ാം നമ്പർ കടമുറി മാവേലിസ്റ്റോർ നടത്തുന്നതിന് വാടയ്ക്ക തരുന്നതിന് താൻ പൂർണ്ണമായി സമ്മതിച്ചിരിക്കുന്നു എന്ന് പരാമർശം (5) പ്രകാരം കെട്ടിട ഉടമസ്ഥനായ അഡ്വ.ഡി.സുധാകരൻ സമ്മതപത്രവും നൽകിയിട്ടുണ്ട്.

4) പരാർശം (1) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൈനാകപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്ത്, പഞ്ചായത്ത് കമ്മിറ്റി തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പരിഗണിച്ച്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെയും, കടയുടമസ്ഥന്റെ വാടക കരാർപത്രത്തിന്റെയും അടിസ്ഥാനത്തിൽ, മൈനാകപ്പള്ളി ഗ്രാമപഞ്ചായത്തിലെ വടക്കൻ മൈനാകപ്പള്ളി ആന്തൂർകാവിൽ മൈനാകപ്പള്ളി ഗ്രാമപഞ്ചായത്തിൽ രണ്ടാമതായി ആരംഭിച്ച മാവേലി സ്റ്റോർ പ്രവർത്തിക്കുന്ന കെട്ടിടത്തിന്, 21/02/2016 മുതൽ മുൻകാല പ്രാബല്യത്തിൽ, 5,294/- രൂപ (അയ്യായിരത്തി ഇരുന്നൂററി തൊണ്ണൂറ്റി നാല്വ രൂപാ മാത്രം) പ്രതിമാസ വാടകയായി നിശ്ചയിച്ച്, ടി തുക തുടർന്നും പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് മൈനാകപ്പള്ളി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, മൈനാകപ്പള്ളി ഗ്രാമപഞ്ചായത്ത്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെ ബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ